താല്ക്കാലികമായി പണി തടസ്സപ്പെട്ടിരിക്കുകയാണ്. കഴിവതും വേഗം തടസ്സങ്ങൾ നീക്കി പണി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കിലോമീറ്റർ 4/500 മുതൽ 12/500 വരെയുള്ള ഭാഗത്തിന്റെ വികസനത്തിനായി വിശദവും യഥാർത്ഥവുമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവിഴാംകുന്ന്-അമ്പലപ്പാറ റോഡിന്റെ വികസനത്തിനായി മൊത്തം 20 ലക്ഷം രൂപയുടെ 5 പണികളായി അനുമതി നൽകിയിരുന്നു. 5 പണികളും ക്വട്ടേഷൻ വിളിച്ച് എസ്റ്റിമേറ്റിനെക്കാളും 59 ശതമാനം ഉയർന്ന നിരക്കിൽ സുലൈമാൻ എന്ന കരാറുകാരനെ ഏല്പിച്ചിരുന്നു. പല കാരണങ്ങളാൽ കരാറുകാരൻ പണിയുടെ പുരോഗതി തടസ്സപ്പെടുത്തി കൊണ്ടിരിക്കുകയാണ്. എന്നാലും പണിക്കാവശ്യമായ മെറ്റൽശേഖരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഉടനെ നടത്താത്ത പക്ഷം മേൽപറഞ്ഞ പണികൾ കരാറുകാരന്റെ റിസ്റ്റ് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു പണി വീണ്ടും ഏർപ്പാടാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

മലപ്പട്ടം മുനമ്പ് കടവ് പാലത്തിന്റെ നിർമ്മാണം

143 (2124) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പട്ടം മുനമ്പ് കടവ് പാലത്തിന്റെ പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കണിയാർ വയർ മലപ്പട്ടം മയ്യിൽ റോഡ് പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പട്ടം-മുനമ്പ് കടവ് പാലത്തിന്റെ ടെണ്ടർ സർക്കാർ ടെണ്ടർ കമ്മിറ്റി പരിശോധിച്ചു വരുന്നു.

(ബി) ഈ കാര്യം പരിശോധിച്ചു വരുന്നു.

ചെറിയപ്പിള്ളി മുതൽ ഇടപ്പിള്ളി വരെയുള്ള റോഡിന് വേണ്ടി സ്ഥലം അക്വയർ നടപടി

144 (2125) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്-17-ൽ ചെറിയപ്പിള്ളി മുതൽ ഇടപ്പിള്ളി വരെയുള്ള റോഡിനുവേണ്ടി സ്ഥലം അക്വയർ ചെയ്യുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവിടെ റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണ് അലൈൻമെന്റ് നിശ്ചയിച്ചത് ;

(ഡി) നിശ്ചയിച്ച അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly